(ഡി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കി;

(ഇ) ഓരോ ഡിപ്പോയിലേയും ബസ്സുകൾ അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിലേയ്ക്ക് ഒരു ബസ്സുപോലും അനുവദിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡിപ്പോകളും ഓപ്പറേറ്റിംഗ് സെന്ററുകളും തുറന്നിട്ടില്ല. എന്നാൽ ഇക്കാലയളവിൽ കണിയാപുരം, എടത്വ, തൊട്ടിൽപ്പാലം, എരുമേലി, മല്ലപ്പള്ളി, ചടയമംഗലം എന്നീ സ്ഥലങ്ങളിൽ അഞ്ച് ഡിപ്പോകൾ തുറന്നിട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ചിറ്റൂർ.

(ഡി) 1998-99-ൽ 262 ബസ്സുകളും 99-2000 വർഷം ഇതുവരെ 240 ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്.

(ഇ) പുതിയ സർവ്വീസുകൾ ആരംഭിക്കുമ്പോഴും പഴയവ നിരത്തിൽനിന്നും പിൻവലിക്കുമ്പോഴുമാണ് സാധാരണ പുതിയ ബസ്സുകൾ നൽകുന്നത്. ഡീലക്സ്, എക്സ്പ്രസ്സ്, സൂപ്പർ ഫാസ്റ്റ് തുടങ്ങിയ സർവ്വീസ് ബസ്സുകൾക്ക് അനുവദിച്ചിട്ടുള്ള കാലാവധി കഴിയുമ്പോഴും അവയ്ക്കു പകരമായി പുതിയ ബസ്സുകൾ നൽകാറുണ്ട്.

(എഫ്) 7.4.99-ൽ റ്റി.എഫ്. 499 എന്ന നമ്പരായി ഒരു ബസ് അനുവദിച്ചിട്ടുണ്ട്. പുതിയ ബസ്സുകളുടെ ലഭ്യതയനുസരിച്ച് കൂടുതൽ ബസ്സുകൾ നൽകുന്നതാണ്.

84 (1125) കവറടി-പാട്ടം ബസ് സർവീസ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴക്കൂട്ടം മണ്ഡലത്തിലെ കവറടി പാട്ടം നിവാസികളുടെ യാത്രാക്ലേശം കണക്കിലെടുത്ത് നെടുമങ്ങാട് നിന്നും കവറടി-പാട്ടം വഴി ആറ്റിങ്ങലിലേയ്ക്ക് ഒരു ബസ് സർവീസ് ആരംഭിക്കുവാൻ കെ.എസ്.ആർ.ടി.സി. അധികൃതർക്കു നിർദ്ദേശം നൽകുമോ?

ഉത്തരം

ബസുകളുടെ അപര്യാപ്തതമൂലം തല്ക്കാലം കഴിയുന്നില്ല.

85 (1126) കണിയാപുരം ഡിപ്പോയിൽ നിന്നും ചിറയിൻകീഴിലേക്കുള്ള സർവീസുകൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കണിയാപുരം ഡിപ്പോയിൽ നിന്നും ചിറയിൻകീഴ് വഴി ഏതെല്ലാം സർവ്വീസ് നടത്തുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഈ ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന പണയിൽകടവ് സർവീസ് തുടർച്ചയായി റദ്ദു ചെയ്യുന്നതിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ സർവ്വീസ് കൃത്യമായി ഓപ്പറേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1) കണിയാപുരം-മംഗലാപുരം-ശാസ്തവട്ടം-ചിറയിൻകീഴ്-പണയിൽകടവ്.

2) കണിയാപുരം-മംഗലാപുരം-ചെമ്പകമംഗലം-കൈലാത്തുകോണം-കുറക്കട-ചിറയിൻകീഴ്.

(ബി) തുടർച്ചയായി റദ്ദു ചെയ്യുന്നുവെന്ന പരാതി ശരിയല്ല. ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതയനുസരിച്ച് പരമാവധി കൃത്യനിഷ്ഠയോടെ സർവീസ് നടത്തുന്നുണ്ട്.

(സി) കൃത്യമായി ഓപ്പറേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

86 (1127) കോഴിക്കോട് നഗരത്തിൽ ഓട്ടോറിക്ഷകൾക്ക് സി.സി. പെർമിറ്റ്

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ ഓട്ടോറിക്ഷകൾക്ക് പുതുതായി സി.സി. പെർമിറ്റ് നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് സി.സി. പെർമിറ്റ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 12.12.95 ലെ ജി.ഒ. (പി) 169/95/പി.ഡബ്ല്യൂ.ആന്റ് റ്റി നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് നഗരപരിധിയ്ക്കുള്ളിൽ ആട്ടോറിക്ഷകളുടെ എണ്ണം 4100 ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 3439 ആട്ടോറിക്ഷ പെർമിറ്റുകൾ ഇതിനകം നൽകി കഴിഞ്ഞു. ബാക്കിയുള്ള പെർമിറ്റുകൾ നൽകുന്നതിനായി പത്രദ്വാരപരസ്യം നൽകിയിട്ടുണ്ട്.

(ബി) ആട്ടോറിക്ഷ പെർമിറ്റുകൾ നൽകുന്ന കാര്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗം വനിതാ ഡ്രൈവർമാർ, പി.എം.ആർ.വൈ. പിന്നോക്ക വിഭാഗക്കാർ തുടങ്ങിയവർക്കും അതുപോലെ തന്നെ നഗരപരിധിയ്ക്കകത്തുള്ള അപേക്ഷകർക്കും മുൻഗണന നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly